(ബി) സി.എച്ച്.സി.-യുടെ പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കുന്നതിന് സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിനാവശ്യമായ ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. പുതിയ ഐ.പി. കെട്ടിടത്തിന്റെ നിർമ്മാണം പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ നിരക്ക് വർദ്ധന

70 (T* 2345) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ചികിത്സകൾക്കാണ് നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

ഉത്തരം

കാർഡിയോളജി, കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി, ഇമേജിംഗ് സയൻസസ് ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി എന്നീ വിഭാഗങ്ങളിൽപ്പെട്ട അസുഖങ്ങളുടെ റഫറൽ ആശുപത്രിയാണ് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ശ്രീചിത്രയിൽ നടത്തപ്പെടുന്ന എല്ലാ ചികിത്സകളുടെയും നിരക്കുകളിൽ 1-1-2016 മുതൽ 15% നിരക്ക് വർദ്ധന പ്രാബല്യത്തിൽ വന്നു. ഇതിന് ഉപരിയായി റിവ്യൂ ചാർജ്ജ് 300 രൂപയായും രജിസ്ട്രേഷൻ ചാർജ്ജ് 400 രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്കായി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന കൺസഷൻ ഘടന യാതൊരു മാറ്റവും ഇല്ലാതെ ഇപ്പോഴും തുടരുന്നു.

അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ

71 (2346) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പ് സ്പെഷ്യാലിറ്റി ആശുപത്രികളാക്കി സേവനം ലഭ്യമാക്കിയ അട്ടപ്പാടി, നല്ലൂർനാട് ആശുപത്രികളുടെ ഇന്നത്തെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അട്ടപ്പാടി, നല്ലൂർനാട് മേഖലയിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതോടൊപ്പം പ്രവർത്തനമാരംഭിച്ച ടൈബൽ ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ നിർജ്ജീവമായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ 2007-ൽ ആരംഭിച്ച ഗവൺമെന്റ് ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. 2013-ൽ ഇവിടെ 75 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഇപ്പോൾ ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ, അനസ്തേഷ്യാ, ഇ.എൻ.ടി., സൈക്യാട്രി, ഡെന്റൽ, സർജറി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാഷ്യാലിറ്റി, ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ, ഐ.സി.യു, പീഡിയാട്രിക്സ്, എസ്.എൻ.സി.യു. ലാബ്, ഇ.സി.ജി., എക്സ്റേ തുടങ്ങിയവയും പ്രവർത്തിക്കുന്നു. പ്രതിദിനം ശരാശരി 120 രോഗികൾ ഐ.പി. വിഭാഗത്തിലും 600 പേർ ഒ.പി. വിഭാഗത്തിലും ഈ ആശുപത്രിയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

നല്ലൂർനാട് ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അഞ്ച് ഡോക്ടർമാരുടെ തസ്തിക ഉള്ളതിൽ നാല് പേർ ജോലി ചെയ്യുന്നുണ്ട്. ഒരു ഡോക്ടറുടെ ഒഴിവുണ്ട്. ഈ ആശുപത്രിയെ 2013 മുതൽ ക്യാൻസർ കീമോതെറാപ്പി & റേഡിയേഷൻ യൂണിറ്റായി ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഒരു റേഡിയോ തെറാപ്പി ജൂനിയർ കൺസൾട്ടന്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇവിടെ 2013 മുതൽ 2015 നവംബർ വരെ 622 പേർക്ക് കീമോതെറാപ്പി ചികിത്സ നൽകിയിട്ടുണ്ട്.

(സി) അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പ് നേരിട്ട് നടത്തുന്ന രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്ക് പുറമേ എൻ.എച്ച്.എം. മുഖേന മൂന്ന് യൂണിറ്റുകൾ കൂടി സജീവമായി പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിൽ ആരോഗ്യവകുപ്പ് നേരിട്ട് നടത്തുന്ന അഞ്ച് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾക്കുപുറമേ രണ്ട് യൂണിറ്റുകൾ എൻ.എച്ച്.എം മുഖേനയും നടത്തിവരുന്നു. ഇവ കൃത്യമായ ഇടവേളകളിൽ ആദിവാസി ഊര് സന്ദർശിക്കുകയും ആവശ്യമായ പരിശോധനകളും ചികിത്സയും സൗജന്യമായി ലഭ്യമാക്കി വരികയും ചെയ്യുന്നു.

GPM. 2/236/2020-22

LIBRARY ARCHIVES Kerala Legislative Assembly